ഭിക്ഷയ്ക്ക് പോക്കാണ് അവരുടെ തൊഴിൽ. ആ ആളുകൾക്ക് പട്ടികവർഗ്ഗക്കാരുടെ സർട്ടിഫിക്കറ്റ് കൊടുക്കണം. ഇപ്പോൾ തണ്ടാർ സമുദായത്തിന് എന്തെങ്കിലും ഒരു സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകാരണം വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ കാര്യം വളരെ സജീവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടിക സമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, 2002-ലെ ഭരണഘടനാ ഭേദഗതി അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള പട്ടികജാതി ലിസ്റ്റിൽ ക്രമനമ്പർ 61 ആയി 'തണ്ടാർ' സമുദായത്തെ പട്ടികജാതിയായി അംഗീകരിച്ചിട്ടുണ്ട്. മുൻ തിരുകൊച്ചി പ്രദേശത്തുൾപ്പെട്ട യഥാർത്ഥ പട്ടികജാതി തണ്ടാർ സമുദായക്കാർക്ക് സർട്ടിഫിക്കറ്റോ ആനുകൂല്യങ്ങളോ ഇതേവരെ നിഷേധിക്കപ്പെട്ടിട്ടില്ല. എന്നാൽ സംശയാസ്പദമായ വ്യക്തിഗത കേസുകളിൽ 1996-ലെ കേരള സമുദായ സർട്ടിഫിക്കറ്റ് നൽകലും ക്രമപ്പെടുത്തലും ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിനുശേഷമേ ജാതി സർട്ടിഫിക്കറ്റോ ആനുകൂല്യങ്ങളോ നൽകുകയുള്ളൂ. ഏതെങ്കിലും അർഹതപ്പെട്ട കേസുകളിൽ ആനുകൂല്യങ്ങൾ ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ ആ കാര്യം പരിശോധിക്കുന്നതാണ്.

41. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളിൽ വിഷാംശം ഉണ്ടെന്ന പരാതി

ശ്രീ. പി. ജയരാജൻ: സർ, 3-2-2006-ന് തിരുവനന്തപുരം നഗരത്തിലെ രണ്ട് സർക്കാർ സ്കൂളുകളിൽ ഉച്ചക്കഞ്ഞിയിൽ നിന്നുള്ള വിഷബാധയെത്തുടർന്ന് 157 വിദ്യാർത്ഥിനികളെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയുണ്ടായി. കോട്ടൺഹിൽ ഗേൾസ് ഹൈസ്ക്കൂൾ, മണക്കാട് ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ വിളമ്പിയ ഭക്ഷണത്തിൽ നിന്നാണ് ഈ വിഷബാധയുണ്ടായത്. ഉച്ചയ്ക്ക് 12.30 മണിയോടുകൂടി ഭക്ഷണം കഴിച്ച കുട്ടികളിൽ പലർക്കും ഉടനെ ഛർദ്ദിയും നെഞ്ചെരിച്ചിലും തലകറക്കവും ഉണ്ടായതിനെത്തുടർന്നാണ് വിദ്യാർത്ഥിനികളെ ജനറൽ ആശുപത്രിയിലും എസ്. എ. ടി. ആശുപത്രിയിലും പ്രവേശിപ്പിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പവർ ഹൗസിലുള്ള ഗോഡൗണിൽ നിന്നാണ് ഉച്ചഭക്ഷണത്തിനുള്ള അരി ഏടുത്തതെന്നാണ് വഞ്ചി പൂവർ ഫോറം മാനേജർ വെളിപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ഗവൺമെന്റ് ഇത് സംബന്ധിച്ച് അന്വേഷണ ഉത്തരവിട്ടെന്നാണ് മനസ്സിലാക്കുന്നത്. ആ അന്വേഷണ റിപ്പോർട്ടിന്റെ അവസ്ഥ എന്താണ്? അതോടൊപ്പം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തിരുവനന്തപുരം ജില്ലയിലെ ചില സ്കൂൾ വിദ്യാർത്ഥികളെ 3-2-2006-ൽ ഭക്ഷ്യവിഷബാധയെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വഞ്ചി പുവർ ഹോം ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും പാചകം ചെയ്ത് വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ കഴിച്ച കുട്ടികൾക്കാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഈ ചാരിറ്റബിൾ സൊസൈറ്റിക്ക് അരി വിതരണം ചെയ്തതത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചാല സബ് ഡിപ്പോയിൽ നിന്നും ആയതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉന്നതാധികാരികളും എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥരും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ ഗുണനിലവാരമുള്ള അരിയാണ് ഈ ഡിപ്പോയിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രസ്തുത വഞ്ചിപുവർ ഹോം വേറെ എവിടെനിന്നെങ്കിലും അരി ദാനമായി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയില്ല. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഭക്ഷ്യവസ്തുക്കൾ എപ്രകാരം വൃത്തിയായി സൂക്ഷിക്കണമെന്നതിനെക്കുറിച്ചും ശുചിത്വത്തോടുകൂടി പാചകം ചെയ്യേണ്ടതിനെക്കുറിച്ചും എല്ലാ ഡിപ്പോ മാനേജർമാർക്കും സ്കൂൾ അധികൃതർക്കും മാവേലി സ്റ്റോർ മാനേജർക്കും 2005 ഏപ്രിൽ മാസത്തിൽ ഗുണനിലവാര പരിരക്ഷ മാർഗ്ഗ നിർദ്ദേശങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിനു നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവയാണെന്നതു സംബന്ധിച്ച് ഷോപ്പ് മാനേജരിൽ നിന്നോ അദ്ധ്യാപക-രക്ഷകർത്താക്കളിൽ നിന്നോ സ്കൂൾ അധികൃതരിൽനിന്നോ മറ്റ് സംഘടനകളിൽ നിന്നോ നാളിതുവരെ രേഖാമൂലമായ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്കൂളുകളിലേയ്ക്ക് മാത്രമല്ല അരി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. റേഷൻ കടകളിലും മറ്റ് ഡിപ്പോകളിലും ഇതേ ഡിപ്പോയിൽ നിന്നുതന്നെയാണ് വിതരണം ചെയ്തിട്ടുള്ളത്. മറ്റൊരു സ്ഥലത്തും ഇത്തരം പരാതികൾ ഉണ്ടായിട്ടില്ല. വഞ്ചി പുവർഹോം എന്നു പറയുന്ന ചാരിറ്റബിൾ സൊസൈറ്റി എവിടെ നിന്നെങ്കിലും സൗജന്യമായി അരി സ്വീകരിച്ചിതിൽ നിന്ന് ഉണ്ടായിട്ടുള്ളതാണോ എന്ന് സംശയമുണ്ട്. അല്ലാതെ അങ്ങനെയാതൊരു അപാകതയും ഇല്ല എന്ന റിപ്പോർട്ട് തന്നെയാണ് സിവിൾ സപ്ലൈസ് കോർപ്പറേഷൻ തന്നിട്ടുള്ളത്. അത് എഫ്.സി.ഐ. നേരിട്ട് പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എക്കാലവും നല്ല അരിയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

42. ആദിവാസികൾക്ക് അനുവദിച്ച ഭൂമിക്ക് പട്ടയം

ശ്രീ. എ. കെ. ബാലൻ: സർ, ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമിയും കൈവശരേഖയും നൽകുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നുവെങ്കിലും നാളിതുവരെ അത് നടപ്പിലാക്കിയിട്ടില്ല. ആദിവാസികൾക്ക് ഇതുവരെ ഒരു തുണ്ട് ഭൂമിപോലും ലഭിച്ചിട്ടില്ല. 30,000 കുടുംബങ്ങൾക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly